**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** | **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നൂതനവിദ്യകളുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | നൂതന വിദ്യകളുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു.<br><br><u>ഇന്നവേഷൻ ഗ്രാന്റ്</u><br><br>മികച്ച ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി 'ഇന്നവേഷൻ ഗ്രാന്റ് എന്ന പേരിൽ സാമ്പത്തിക സഹായം നൽകുന്നു. ആശയങ്ങളിൽ നിന്ന് ഉൽപ്പന്ന മാതൃക തയ്യാറാക്കുന്നതിനും അവയെ പൂർണരൂപത്തിലുള്ള വ്യവസായമാക്കി മാറ്റാനുമുള്ള തുകയാണ് ഇന്നവേഷൻ ഗ്രാൻറ്. വിവിധ ഘട്ടങ്ങളിലായി മൂന്ന് ലക്ഷം മുതൽ 15 ലക്ഷം രൂപവരെ ഗ്രാന്റ് അനുവദിക്കാറുണ്ട്.<br><br><u>വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള സീഡ് ഫണ്ട്</u><br><br>നൂതനവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ രൂപീകരണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പുകളുടെ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വരുമാന വർധന എന്നിവ വഴി കേരള സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.<br><br><u>സീഡ് ഫണ്ട്</u><br><br>നൂതനാശയങ്ങളെ സ്റ്റാർട്ടപ്പുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്.<br><br><u>സ്റ്റാർട്ടപ്പ് റിസേർച്ച് ഗ്രാന്റ് (R&D Grant)</u> |

ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് R&D ഗ്രാന്റ്.

ഗ്രാമീണ ഇന്നവേറ്റർമാർക്കുള്ള സഹായം

ഗ്രാമീണ മേഖലയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ധനസഹായ പദ്ധതിയാണിത്. ഗ്രാമങ്ങളിലെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനോ ഗ്രാമീണ ജിവിതം മെച്ചപ്പെടുത്തുന്നതിനോ സഹായിക്കുന്ന നൂതനാശയങ്ങളെ പൂർണ സംരംഭങ്ങളാക്കാനുള്ള പദ്ധതിയാണിത്.

ഫണ്ട് ഓഫ് ഫണ്ട്സ്

സെബിയുടെ അംഗീകാരമുള്ള ആൾട്ടർനേറ്റീവ് ഇൻവസ്റ്റ്മെന്റ് ഫണ്ടുകളുമായി സഹകരിച്ച് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയാണിത്.

ഫാബ് മിഷൻ

പുത്തൻ സാങ്കേതികവിദ്യകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനും സാങ്കേതിക സഹായം നൽകുന്ന പ്രോട്ടോടൈപ്പിംഗ് പ്ലാറ്റ്ഫോമാണ് ഫാബ്രിക്കേഷൻ ലബോറട്ടറി (ഫാബ് ലാബ്). കൊച്ചിയിലെ ഇന്നവേഷൻ സോണിൽ പ്രവർത്തിക്കുന്ന സൂപ്പർ ഫാബ് ലാബിന് പുറമേ 2 ഫാബ് ലാബുകളും കേരളത്തിലെ കോളേജുകൾ കേന്ദ്രീകരിച്ച് 23 മിനി ഫാബ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

തൊഴിലിടവും അനുബന്ധ സാകര്യങ്ങളും (ലീപ് സെന്ററുകൾ)

സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രങ്ങളെ ലീപ് (ലോഞ്ച്, എംപവർ, ആക്സിലറേറ്റ്, പ്രോസസർ) കോ-വർക്കിംഗ് സ്പേസുകളെന്ന് പുനർനാമകരണം ചെയ്ത് സംസ്ഥാനത്തുടനീളം കേന്ദ്രങ്ങൾ തുടങ്ങുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പ് തുടങ്ങാൻ ആഗ്രഹിക്കുന്ന ആർക്കും ലീപ് സെൻററുകളിൽ രജിസ്റ്റർ ചെയ്യാം. മികച്ച രീതിയിൽ രൂപകൽപന ചെയ്ത തൊഴിലിടങ്ങൾ, അതിവേഗ ഇൻറർനെറ്റ്, മീറ്റിംഗ് റൂമുകൾ തുടങ്ങി ആധുനിക സൗകര്യങ്ങൾ ലീപ്പിലുണ്ടാകും. പ്രൊഫഷണലുകൾക്ക് ദിവസ-മാസ വ്യവസ്ഥയിൽ ലീപ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കാം. വർക്ക് ഫ്രം ഹോം ചെയ്യുന്നവർക്കും യാത്ര ചെയ്യേണ്ടിവരുന്ന

| | | | |
|---|---|---|---|
| | | | പ്രൊഫഷണലുകൾക്കും ഈ സൗകര്യം ഗുണകരമാകും. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ എന്തെങ്കിലും പദ്ധതിക്ക് സ്റ്റാർട്ടപ് മിഷൻ രൂപം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട 28 സ്കൂളുകളിൽ സെൻറർ ഫോർ ഏർലി ഇന്നവേഷൻ (ടിങ്കറിംഗ് ലാബ്) സ്ഥാപിച്ചു വരുന്നു. ആദ്യ ലാബ് തൃപ്പൂണിത്തുറ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻ്ററി സ്കൂളിൽ ആരംഭിച്ചു. 7 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും പരിചയപ്പെടുത്തുക എന്നതാണ് ഇന്നവേഷൻ സെൻ്റർ ലാബുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂൾ തലത്തിൽ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി കെ-ഡിസ്ക് (K-DISC) നടത്തിവരുന്ന യങ് ഇന്നവേറ്റേഴ്സ് പദ്ധതിയുടെ (YIP) നടത്തിപ്പിൽ കേരള സ്റ്റാർട്ടപ്പ് മിഷനും പങ്കാളിയാണ്. |
| (സി) | നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്? | (സി) | മേൽ പറഞ്ഞ സ്കീമുകൾക്ക് പുറമെ സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്കും ഉൽപ്പന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും മറ്റ് നിരവധി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു,<br><br><u>ഗവൺമെൻറ് ആസ് എ മാർക്കറ്റ് പ്ലേസ്</u><br><br>സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ച പദ്ധതിയാണ് ഗവൺമെൻറ്റ് ആസ് എ മാർക്കറ്റ് പ്ലേസ് പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം 50 ലക്ഷം വരെ ചെലവ് പ്രതീക്ഷിക്കുന്ന സേവനം/ഉത്പ്പന്നം സ്റ്റാർട്ടപ്പുകളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനും, മൂന്നു കോടി വരെയുള്ള സേവനം/ഉത്പ്പന്നം എന്നിവ ലിമിറ്റഡ് ടെൻഡർ വഴി വാങ്ങുന്നതിനും സർക്കാർ വകുപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br><u>ഇൻ്റർനാഷണൽ എക്സ്ചേഞ്ച് പ്രോഗ്രാം</u><br><br>കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ യങ് ഓൺട്രപ്രണർഷിപ്പ് ഡവലപ്മെൻറ് പദ്ധതിയുടെ (വൈ ഇഡി പി) പ്രധാന ആകർഷണമാണ് ഇൻറർനാഷണൽ എക്സ്പോഷർ പ്രോഗ്രാം പദ്ധതി. ഈ പദ്ധതി മുഖേന സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനും അന്താരാഷ്ട്ര തലത്തിൽ |

| | | | |
|---|---|---|---|
| | | | ബിസിനസ്, നിക്ഷേപ അവസരങ്ങൾ നേടുന്നതിനുമുള്ള അവസരം ലഭിക്കുന്നു.ആദ്യ വിദേശ സന്ദർശനത്തിൽ യാത്രാച്ചെലവിന്റെ 90 ശതമാനം വരെ ഒരു സ്റ്റാർട്ടപ്പിനു ലഭ്യമാകുന്നതാണ്. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും യാത്രച്ചെലവിന്റെ യഥാക്രമം 70, 50, 25 ശതമാനം തുകയാണ് ലഭിക്കുന്നത്. ഇതേ മാതൃകയിൽ ദേശീയതലത്തിലുള്ള പരിപാടികൾക്കും സമ്മേളനങ്ങൾക്കും മുഴുവൻ യാത്രാച്ചെലവും വഹിക്കുന്ന പദ്ധതികളുമുണ്ട്.<br><br><u>മാർക്കറ്റിംഗ് സപ്പോർട്ട് സ്കീം</u><br><br>പ്രാരംഭഘട്ടത്തിൽ മികച്ച വരുമാനം ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് വീഡിയോ സങ്കേതങ്ങൾ ഉപയോഗിച്ച് വിപണനം സാധ്യമാക്കുന്നതിനു സഹായം നൽകുന്ന പദ്ധതിയാണിത്. പ്രൊഡക്ട് വീഡിയോ, പ്രചാരണ വീഡിയോ എന്നിവയുടെ നിർമ്മാണ ചെലവിന്റെ 70 ശതമാനം വരെ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകും. പരമാവധി ഒന്നരലക്ഷം രൂപ വരെ ലഭിക്കും.<br><br><u>കോർപ്പറേറ്റ് കണക്ട് പ്രോഗ്രാം</u><br><br>സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഈ പദ്ധതി സി എസ് ആർ ഫണ്ട് പോലുള്ള നിക്ഷേപങ്ങൾ സ്റ്റാർട്ടപ്പ് ഏക്കോസിസ്റ്റത്തിലേക്ക് ലഭിക്കുന്നതിനും വഴിയൊരുക്കുന്നു, |

സെക്ഷൻ ഓഫീസർ